# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2015 07/12/2015-ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്ത്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. എഫ്. തോമസ്:**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ:**<br>**ശ്രീ. റ്റി. യു. കുരുവിള:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| എ) **സംസ്ഥാനത്തെ മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;** | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) **അങ്ങനെയുണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;** | ബി) ഫിഷറീസ് വകുപ്പ് നേരിട്ട് ഇതു സംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. Illegal Unregulated Unreported fishing ഉം കാലാവസ്ഥ വ്യതിയാനവുമാണ് മത്സ്യ സമ്പത്ത് കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്ന് ശാസ്ത്ര സമൂഹം അഭിപ്രായ പ്പെട്ടിട്ടുണ്ട്. |
| സി) മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നതു പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ വറുതിയിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ രീതികൾ തടയുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റിന്റെ മേൽ നോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ KMFR Act 4-ാം വകുപ്പ് അനുസരിച്ച് കേരളത്തിലെ തീരപ്രദേശങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരുന്നുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ച് കൊണ്ട് KMFR Act -ലെ സെക്ഷൻ 4 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കടലിൽ കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

ഉൾനാടൻ മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നത് പരിഹരിക്കുന്നതിനായി പൊതു ജലാശയങ്ങളിൽ മത്സ്യ വിത്ത് നിക്ഷേപിക്കൽ മത്സ്യകുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി മത്സ്യ സങ്കേതങ്ങൾ കൃത്രിമ പാരുകൾ, മത്സ്യ/കൊഞ്ച് നിക്ഷേപിക്കൽ തുടങ്ങിയ പദ്ധതികളിലൂടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ 2012-15 വരെയുള്ള കാലയളവിൽ മത്സ്യ സമൃദ്ധി പദ്ധതി I മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി. 2015-18 കാലയളവിൽ മത്സ്യ സമൃദ്ധി II എന്ന പദ്ധതി 1.5 ലക്ഷം മെട്രിക് ടൺ അധിക മത്സ്യ ഉല്പാദനം ലക്ഷ്യം വച്ച് കൂടുതൽ ഘടക പദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അഡാക്ക് മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു മീനും കുട്ടനാട് കോൾ നിലങ്ങളിൽ ഒരു കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യ കൃഷി, പരമ്പരാഗത മത്സ്യ സമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ വറുതിയിൽ നിന്നു രക്ഷിക്കുന്നതിനായി ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി വഴി 2700/- രൂപ വിതരണം ചെയ്തു വരുന്നുണ്ട്. പലിശക്കാരുടെ ചൂഷണത്തിൽ നിന്നും ഇവരെ രക്ഷിക്കുന്നതിനായി NCDC ധനസഹായം മുഖേന കുറഞ്ഞ പലിശ നിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ മറ്റ് വായ്പയും നല്കി വരുന്നുണ്ട്.

**സെക്ഷൻ ആഫീസർ**